പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1924 — 08.12.2014 ലെ മറുപടിയ്ക്ക്

## മിഷൻ 676 - കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ. സെൽവരാജ് :**<br>**ശ്രീ. ഹൈബി ഈഡൻ :**<br>**ശ്രീ. എം.പി. വിൻസെന്റ് :**<br>**ശ്രീ. ലൂഡി ലൂയിസ് :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) മിഷൻ 676 ൽ ഉൾപ്പെടുത്തി ശാസ്ത്ര സാങ്കേതിക വകുപ്പ് വഴി നടപ്പാക്കുന്ന കാഴ്ച വൈകല്യം ഉള്ളവരുടെ ശാക്തീകരണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ആദ്യഘട്ടമെന്ന നിലയിൽ അന്ധർക്കുവേണ്ടിയുള്ള കമ്പ്യൂട്ടർ പരിശീലനം, അവർക്കുവേണ്ടിയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അസിസ്റ്റീവ് ടെക്നോളജിയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ്. |
| (സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസിന്റെ ദേശീയ തലത്തിലുള്ള ഒരു ഉപദേശക സമിതി 30.04.2014 -ൽ ചേർന്ന് സെന്ററിന്റെ പ്രവർത്തനത്തിനു വേണ്ടി രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ഇ) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദീകരിക്കാമോ ? | (ഇ) കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസ് എന്ന പേരിൽ ഒരു സെന്റർ കേരളാ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആസ്ഥാനത്ത് രൂപീകരിക്കുകയും അതിനൊരു കോ-ഓർഡിനേറ്ററിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സെന്ററിന്റെ നടത്തിപ്പിനായി ദേശീയ തലത്തിലുള്ള ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. |

( അണ്ടർ സെക്രട്ടറി)